വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

20

www.industry.kerala.gov.in

01 JULY 2022



# ആവേശമായി വ്യാപാർ 2022

## 105 കോടിയുടെ വാണിജ്യ ഇടപാടുകൾ

## 2417 വ്യാപാര കൂടിക്കാഴ്ചകൾ

വിവിധ ബിടുബി മീറ്റുകളിലൂടെ 105 കോടിയുടെ വാണിജ്യ ഇടപാടുകൾക്ക് അവസരമൊരുക്കി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ത്രിദിന പ്രദർശന മേളയായ വ്യാപാർ 2022. വ്യാപാറിൽ 2417 വ്യാപാര കൂടിക്കാഴ്ചകളാണ് നടന്നത്. കേരളത്തിൽ നിന്നുള്ള 324 സെല്ലർമാരും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 330 ബയർമാരുമായുള്ള കൂടിക്കാഴ്ചയ്ക്കും കൊച്ചി ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം ഗ്രൗണ്ടിലെ പ്രദർശനമേള വേദിയായി.

വ്യാപാര സാധ്യതകൾ ഊട്ടിയുറപ്പിക്കുന്നതിനായി വരും നാളുകളിൽ വെർച്വൽ മീറ്റുകൾ സംഘടിപ്പിക്കും. കൊവിഡ് പ്രതിസന്ധി നേരിട്ട എം.എസ്.എം.ഇ യൂണിറ്റുകൾക്ക് ഉത്പന്നങ്ങൾ അവതരിപ്പിച്ച് ദേശീയ വിപണി നേടിയെടുക്കുന്നതിന് ഊന്നൽ നൽകിയ മേള സംരംഭകത്വ ലോകത്ത് സാങ്കേതിക കഴിവുകൾ വളർത്തുന്നതിനുള്ള മാർഗനിർദേശങ്ങളും നൽകി. 331 എക്സിബിഷൻ സ്റ്റാളുകളിൽ 65 എണ്ണവും വനിതാ സംരംഭകരുടേതായിരുന്നു എന്നത് ശ്രദ്ധേയമായ മുന്നേറ്റമായിരുന്നു.

ഏഴ് പ്രധാന സെക്ടറുകളിലാണ് മേള ശ്രദ്ധ കേന്ദ്രീകരിച്ചത്. ഭക്ഷ്യസംസ്കരണം (ഭക്ഷണവും സുഗന്ധവ്യഞ്ജനങ്ങളും), കൈത്തറി, തുണിത്തരങ്ങൾ, വസ്ത്രങ്ങൾ (ഫാഷൻ ഡിസൈനും ഫർണിഷിംഗ് ഉൽപ്പന്നങ്ങളും), റബ്ബർ, കയറുൽപ്പന്നങ്ങൾ, ആയുർവേദവും ഹെർബലും (സൗന്ദര്യവർധക വസ്തുക്കളും ന്യൂട്രാസ്യൂട്ടിക്കൽസും), ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, കരകൗശല വസ്തുക്കൾ, മുള ഉത്പന്നങ്ങൾ എന്നിവ ഉൾപ്പെടുന്ന പരമ്പരാഗത മേഖലകൾ എന്നിവയായിരുന്നു മേളയിലെ കേന്ദ്രീകൃത മേഖലകൾ.

2022 ജൂൺ 16 ന് ബഹു. നിയമ വ്യവസായ കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടന കർമം നിർവഹിച്ച ചടങ്ങിൽ ബഹു. കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ അധ്യക്ഷത വഹിച്ചു. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്; കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്; കെബിപ്പ് സി.ഇ.ഒ ശ്രീ. സൂരജ് എസ്; കെ.എസ്.എസ്.ഐ.എ സ്റ്റേറ്റ് പ്രസിഡന്റ് എം. ഖാലിദ്; ഫിക്കി ചെയർമാൻ ശ്രീ. ദീപക് എൽ അശ്വാനി, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.






# സംരംഭക വർഷത്തിന്റെ ആദ്യ മൂന്നു മാസത്തിൽ പതുതായി രജിസ്റ്റർ ചെയ്തത് 24, 784 സംരംഭങ്ങൾ

അന്താരാഷ്ട്ര സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക ദിനാഘോഷങ്ങളുടെ ഉദ്ഘാടനവും സംരംഭകത്വ ഹെൽപ് ഡെസ്കുകളുടെ സംസ്ഥാന തല ഉദ്ഘാടനവും ബഹുമാനപ്പെട്ട നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. വി ഗോവിന്ദൻ മാസ്റ്റർ എന്നിവർ നിർവഹിച്ചു. യോഗത്തിൽ ബഹു. വട്ടിയൂർക്കാവ് എം.എൽ.എ ശ്രീ. വി. കെ പ്രശാന്ത് അധ്യക്ഷനായിരുന്നു.

2022 - 2023 സംരംഭക വർഷത്തിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിൽ സംരംഭകർക്കായി കൈത്താങ്ങ് സഹായം ഉറപ്പാക്കുന്നതിനായുള്ള ഹെൽപ് ഡെസ്ക് സംവിധാനം അതാത് തദ്ദേശസ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഈ ഹെല്പ് ഡെസ്കിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഇന്റേൺസിന്റെ സേവനം പ്രയോജനപ്പെടുത്തുവാനും ലക്ഷ്യമിട്ടു കൊണ്ടാണ് സംരംഭകത്വ ഹെൽപ് ഡെസ്കുകൾക്ക് രൂപം നൽകിയിരിക്കുന്നത്.

സംരംഭക വർഷത്തിന്റെ ആദ്യ മൂന്നു മാസത്തിനുള്ളിൽ 24,784 സംരംഭങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 3 റീജിയണൽ ഫെസിലിറ്റേഷൻ കൗൺസിലുകൾ ആഗസ്റ്റ് മുതൽ പ്രവർത്തനമാരംഭിക്കും. ചില ബാങ്കുകൾ സംരംഭകർക്കായി 4 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്. എങ്ങനെ ലളിതമായ നടപടിക്രമങ്ങളിലൂടെ സംരംഭക സ്വപ്നം സാധ്യമാക്കാം എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവ് പറഞ്ഞു.

തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഈ സാമ്പത്തിക വർഷം കേരളത്തിൽ ഒരു ലക്ഷം സംരംഭങ്ങളാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിലൂടെ 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ബൃഹത്തായ പദ്ധതിയും സർക്കാർ വിഭാവനം ചെയ്യുന്നതായി' സംരംഭകത്വ ഹെൽപ് ഡെസ്കുകളുടെ സംസ്ഥാന തല ഉദ്ഘാടന കർമ്മം നിർവഹിച്ചു കൊണ്ട് ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

2022 ജൂൺ മാസം 27 നു മസ്ക്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ചടങ്ങിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ. രാമചന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ ശ്രീ. എം.ജി. രാജമാണിക്കം ഐ. എ. എസ്, കിൻഫ്ര മാനേജിംഗ് ഡയറക്ടർ, ശ്രീ. സന്തോഷ് കോശി തോമസ്; സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ, ശ്രീ. എസ്. പ്രേംകുമാർ; കേരളാ ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ്, ശ്രീ. എം.ഖാലിദ്; സിഐഐ കേരള മുൻ ചെയർമാൻ സി. പത്മകുമാർ; എന്നിവർ ആശംസകൾ അറിയിച്ചു. ബഹു. പ്രിസിപ്പൽ സെക്രട്ടറി, വ്യവസായ; നോർക്ക വകുപ്പ് ശ്രീ . സുമൻ ബില്ല ഐ.എ.എസ് സ്വാഗത പ്രഭാഷണം നടത്തിയ ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് കൃതജ്ഞത അറിയിച്ചു.

എം.എസ്.എം.ഇ ദിനാഘോഷത്തിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കെ.എസ്.ഐ.ഡി.സി, കിൻഫ്ര എന്നിവർ കഴിഞ്ഞ ഒരു വർഷം നടപ്പിലാക്കിയ നൂതന ആശയങ്ങളെ 'ഇന്നോവേറ്റീവ് ഇനിഷ്യേറ്റിവ്സ് ഇൻ ഇൻഡസ്ട്രിയൽ സെക്ടർ' എന്ന സെമിനാറിൽ അവതരിപ്പിച്ചു.



## സംരംഭകർക്ക് കൈത്താങ്ങായി രണ്ട് പുതിയ ഓൺലൈൻ പോർട്ടലുകൾ

സംസ്ഥാനത്തെ സംരംഭകരുടെ പരാതി പരിഹാരത്തിനായും, സ്വകാര്യ ഭൂമികളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ പുതിയ ഓൺലൈൻ പോർട്ടലുകൾ നിലവിൽ വന്നു.

സംരംഭകർക്കുണ്ടാകുന്ന ആശങ്കകൾ അകറ്റുവാനും പരാതികൾ പരിഹരിയ്ക്കുവാനുമാണ് ഗ്രീവൻസ് റിഡ്രസ്സൽ സിസ്റ്റം (പരാതി പരിഹാര സംവിധാനം). 5 കോടി വരെ മുതൽ മുടക്കുള്ള സംരംഭങ്ങളുടെ പരാതികൾ ജില്ലാതലത്തിലും, ജില്ലാതലത്തിലെ തീർപ്പുകളിന്മേലുള്ള അപ്പീലുകളും 5 കോടിയ്ക്കുമേൽ മുതൽമുടക്കുള്ള സംരംഭങ്ങളുടെ പരാതികളും സംസ്ഥാനതല സമിതികളും കേൾക്കും. ഇതിനായുള്ളതാണ് പരാതിപരിഹാര ഓൺലൈൻ പോർട്ടൽ.

പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്തതും വ്യവസായ സൗഹൃദവുമായ സ്വകാര്യ ഭൂമികളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായുള്ളതാണ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോർട്ടൽ. പത്ത് ഏക്കറിൽ കുറയാത്ത ഭൂമിയാണ് ഒരു എസ്റ്റേറ്റിനു വേണ്ടത്. പരമാവധി 3 കോടി രൂപ വരെ സർക്കാർ ധനസഹായവും എസ്റ്റേറ്റുകൾക്കു ലഭിയ്ക്കും. ഇതിന്മേലുള്ള ഓൺലൈൻ രജിസ്ട്രേഷനും വികസനത്തിനുള്ള അനുമതി നൽകുന്നതിനുമുള്ള സംവിധാനമാണ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോർട്ടൽ.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.